കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ 2015-16 വർഷം നടപ്പാക്കാൻ സാധിക്കാത്ത എസ്. 25/16 പ്രോജക്ടിലെ തുക എസ്.23/16 ലേക്ക് വക മാറ്റുന്നതിന് അനുമതി നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നം.1310/2016/തസ്വഭവ തിരുവനന്തപുരം, തീയതി, 22/03/2016

പരാമർശം - (1) കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 19/3/2016- ലെ FCE1-1441/14 നമ്പർ കത്ത്.

## ഉത്തരവ്

കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ 2015-16 വർഷം നടപ്പാക്കാൻ സാധിക്കാത്ത പ്രവർത്തികളിൽ (എസ്. 25/16) നിന്നും വികസന ഫണ്ട് 3 കോടി രൂപ എസ്.23/16 പള്ളുരുത്തി 40 അടി റോഡ് സ്ഥലമെടുപ്പ് എന്ന പദ്ധതിയിലേക്ക് മാറ്റുന്നതിന്അനുമതി നൽകണമെന്ന് കൊച്ചിൻ കോർപ്പറേഷൻ സെക്രട്ടറി പരാമർശത്തിലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

കൊച്ചിൻ കോർപ്പറേഷൻ സെക്രട്ടറിയുടെ കത്തിന്റെ വെളിച്ചത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ 2015-16 വർഷം നടപ്പാക്കാൻ സാധിക്കാത്ത പ്രവർത്തികളിൽ (എസ്. 25/16) നിന്നും വികസന ഫണ്ട് 3 കോടി രൂപ എസ്.23/16 പള്ളുരുത്തി 40 അടി റോഡ് സ്ഥലമെടുപ്പ് എന്ന പദ്ധതിയിലേക്ക് മാറ്റുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ഇൻഫർമേഷൻ കേരള മിഷൻ ഈ പ്രോജക്റ്റ് സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
എ പി എം മുഹമ്മദ് ഹാനിഷ്
ഗവൺമെന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ (എ&ഇ), തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ്- നഗരകാര്യ സെക്രട്ടറിയുടെ പി.എ-യ്ക്ക്